(ഐ) മെഡിക്കൽ കോളേജ് കോംപ്ലക്സിനടുത്ത് രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും സാധാരണക്കാരുടെയും സൗകര്യാർത്ഥം ഒരു റെയിൽവേ ബുക്കിംഗ് കൗണ്ടർ ആരംഭിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുമോ?

ഉത്തരം

(എ) 135 ഷെഡ്യൂളുകൾ.

(ബി) 65 ഷെഡ്യൂളുകൾ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ—ജി) കോർപ്പറേഷന്റെ നിലവിലുള്ള സാമ്പത്തിക നില പുതുതായി ഡിപ്പോകൾ ആരംഭിക്കുവാൻ പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ സന്നദ്ധ സംഘടനകളോ ഗ്രാമപഞ്ചായത്തുകളോ സൗജന്യമായി ഭൂമിയും സർവ്വീസ് നടത്തിപ്പിന് ആവശ്യമായ കെട്ടിടം, ഗ്യാരേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കിത്തരുന്നപക്ഷം ബസ് സ്റ്റേഷൻ തുടങ്ങുന്നകാര്യം പരിഗണിക്കാവുന്നതാണ്.

(എച്ച്) നിലവിൽ ധാരാളം സർവ്വീസുകൾ മെഡിക്കൽ കോളേജ് വഴി നടത്തുന്നുണ്ട്. ട്രാഫിക് ഡിമാന്റ് പരിഗണിച്ച് ഇനിയും കൂടുതൽ സർവ്വീസുകൾ നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ ടി ആവശ്യം പരിശോധിക്കുന്നതാണ്.

(ഐ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.-യിൽനിന്നും വിരമിക്കുന്നവരുടെ പ്രോവിഡന്റ് ഫണ്ട് തുക നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

87 [5643] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽനിന്നും വിരമിക്കുന്നവരുടെ പ്രോവിഡന്റ് ഫണ്ട് തുക നൽകുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് തീയതിവരെ വിരമിച്ചവർക്കാണ് പി. എഫ്. തുക കൊടുത്തിട്ടുള്ളത്;

(സി) ശേഷിച്ച പി. എഫ്. തുക അടിയന്തിരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 31-3-2001 വരെ സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പി. എഫ്. തുക നൽകിയിട്ടുണ്ട്.

(സി) കെ. എസ്. ആർ. ടി. സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. എന്നാലും ബഹു. കേരളാ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദിവസവുമുള്ള വരുമാനത്തിന്റെ പത്തു ശതമാനം പ്രോവിഡന്റ് ഫണ്ട് അടക്കമുള്ള പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നീക്കിവയ്ക്കുകയും പ്രസ്തുത തുകയിൽനിന്നും പെൻഷൻ പറ്റുന്ന ദിവസക്രമമനുസരിച്ച് മറ്റ് പെൻഷൻ ആനുകൂല്യങ്ങൾക്കൊപ്പം പ്രോവിഡന്റ് ഫണ്ട് ക്ലോഷർ തുകയും നൽകിവരികയാണ്. സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് പി.എഫ്. കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ത്വരിതപെടുത്തുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക്, പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തവർക്ക് കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി

88 [5644] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യിൽ നിന്നും പെൻഷൻ പറ്റിയ കോഴിക്കോട് ജില്ലയിലെ എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ട്;

(ബി) എത്ര ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്;

(സി) പെൻഷൻ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും പൂർണ്ണമായി നൽകുന്നതിന് എത്ര കോടി രൂപയുടെ ചെലവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) എന്നത്തേക്ക് കുടിശ്ശികകൾ തീർത്ത് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽനിന്നും പെൻഷൻ പറ്റിയ 149 പേർക്കായി 3,45,09,971 രൂപ കൊടുത്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇനിയും എഴുപതോളം പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

(സി) ഏകദേശം മൂന്നുകോടി രൂപ ആവശ്യമായി വരും.

(ഡി) സീനിയോറിറ്റി മുറയ്ക്ക് സമയബന്ധിതമായി നൽകിക്കൊണ്ടിരിക്കയാണ്.

ശ്രീചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ നിയമനം

89 [5645] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ശ്രീചിത്തിര തിരുനാൾ എൻജിനീയറിംഗ് കോളേജിലെ ജീവനക്കാരെ നിയമിക്കുന്നതാരാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത എൻജിനീയറിംഗ് കോളേജിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly